നമ്പർ.ഒ&എം/81725/18/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി :30/07/2018

# പരിപത്രം

വിഷയം:- പൊ.വി.വ - ജീവനക്കാര്യം - ഫയൽ ഓഡിറ്റ് - സംബന്ധിച്ച് :-

സൂചന :- ഈ കാര്യാലയത്തിൽ നിന്നുള്ള 25/05/2018, 16/06/2018, 19/06/2018, 28.06.2018 എന്നീ തീയതികളിലെ ഇതേ നമ്പർ പരിപത്രങ്ങൾ.

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ തലങ്ങളിലുള്ള ഓഫീസുകളിൽ ഫയൽ തീർപ്പാക്കുന്നതിലുള്ള കാലതാമസം പരിഹരിക്കുന്നതിനും യഥാവിധി ഫയൽ തീർപ്പു കൽപ്പിക്കൽ കാര്യക്ഷമമാക്കുന്നതിനും 2018-2019 വർഷത്തിൽ ഫയൽ ഓഡിറ്റ് എന്ന പേരിൽ സമഗ്രമായ പരിപാടി ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം പാദവർഷ ഫയൽ ഓഡിറ്റ് ജൂലൈ മാസത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഓഫീസുകളിൽ നടക്കുകയാണ്.

സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയങ്ങളിലെ ഫയൽ ഓഡിറ്റ് 10.07.2018-ൽ പൂർത്തിയായി. സംസ്ഥാനത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഫയൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഭൂരിഭാഗവും പൂർത്തിയായി കഴിഞ്ഞു. കാലവർഷക്കെടുതി, മറ്റ് പ്രശ്നങ്ങൾ മൂലം ഫയൽ ഓഡിറ്റ് നടക്കാതിരുന്ന ഓഫീസുകളിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ നടത്തിയ ഫയൽ ഓഡിറ്റിൽ നന്നായി ഫയലുകളിൽ നടപടി സ്വീകരിച്ച, തൃപ്തികരമായി നടപടി സ്വീകരിച്ച, ശരാശരി നടപടി സ്വീകരിച്ച, ശരാശരിയിൽ താഴെ നടപടി സ്വീകരിച്ച ജീവനക്കാരുടെ പേര് വിവരം ഈ ഓഫീസിലേയ്ക്ക് 04/08/2018 -ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്. **ഫയൽ ഓഡിറ്റിൽ ഉപയോഗിച്ച പ്രൊഫോർമ അയച്ചു തരേണ്ടതില്ല**. ഫയൽ ഓഡിറ്റ് നടത്തിയ ഓഫീസുകളിൽ പൊതുവായി കണ്ട ന്യൂനതകൾ സംബന്ധിച്ച റിപ്പോർട്ട് ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്. കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പരിശോധന നടത്തിയ ഓഫീസർമാർ നൽകേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ക്രോഡീകരിച്ച് (ജില്ലാ/ഉപജില്ല വിദ്യാഭ്യാസ ഓഫീസ്) പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ കാര്യാലയങ്ങളിലും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയങ്ങളിലും നടത്തിയ ഫയൽ ഓഡിറ്റ് സംബന്ധിച്ച പ്രൊഫോർമയും, ജീവനക്കാരുടെ പേര് വിവരം അടങ്ങിയ റിപ്പോർട്ടും, കണ്ടെത്തിയ ന്യൂനതകൾ സംബന്ധിച്ച റിപ്പോർട്ടും പരിശോധനാ വിഭാഗം മേധാവി 04/08/2018-ന് 5.00 മണിയ്ക്ക് മുമ്പായി പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ന് നൽകേണ്ടതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നടത്തിയ ഫയൽ ഓഡിറ്റ് സംബന്ധിച്ച പ്രൊഫോർമയും ജീവനക്കാരുടെ പേര് വിവരം അടങ്ങിയ റിപ്പോർട്ടും ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ 03/08/2018 ന് 5.00 മണിയ്ക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ വകുപ്പിലെ ഫയൽ കുടിശ്ശിക നിർമ്മാർജ്ജന യജ്ഞമായ ഫയൽ ഓഡിറ്റ് എന്ന നൂതനവും ശാസ്ത്രീയവുമായ ഈ പദ്ധതിയുടെ ഒന്നാം പാദ വർഷ ഫയൽ ഓഡിറ്റ് വിജയകരമാക്കുന്നതിന് വേണ്ടി പ്രയത്നിച്ച എല്ലാ ജീവനക്കാരെയും അഭിനന്ദിക്കുന്നു.

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

} അറിവിലേയ്ക്കും നടപടിയ്ക്കുമായി

പകർപ്പ്

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (പി.എ മുഖാന്തിരം)
2. എ.ഡി.പി.ഐ, ജനറൽ/അക്കാഡമിക് (സി.എ മുഖാന്തിരം)
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സി.എ മുഖാന്തിരം)
4. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
5. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
6. എല്ലാ പരിശോധനാ വിഭാഗം മേധാവികൾക്കും
7. കരുതൽ ഫയൽ.